**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676** | **02-02-2023 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്ന വിപണനം വിപുലപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭവും നഷ്ടവും ഇല്ലാത്ത അവസ്ഥയിൽ (ബ്രേക്ക് ഈവൻ പോയിന്റ്) ആകുന്നതിന് ഓരോ സ്ഥാപനവും നിശ്ചിത തുകയ്ക്ക് വ്യാപാരം നടത്തണം എന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡമെന്താണ്; ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കയർ വികസന വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ഇത്തരത്തിലുള്ള പ്രവർത്തന ഫലമായി 2021-22 സാമ്പത്തിക വർഷം 226 കോടി രൂപ വിറ്റുവരവും 0.55 കോടി രൂപ ലാഭവും കോർപ്പറേഷന് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>കയർഫെഡ് ഷോറൂമുകൾ, യൂണിറ്റുകൾ എന്നിവിടങ്ങളിലേയ്ക്ക് വാർഷിക ബഡ്ജറ്റ്, ടാർജറ്റ് എന്നിവ നിശ്ചയിച്ച് നൽകാറുണ്ട്. ചെലവുകളെ അടിസ്ഥാനമാക്കിയാണ് ബഡ്ജറ്റ്, ടാർജറ്റ് എന്നിവ തയ്യാറാക്കുന്നത്. കയർ മേഖല നേരിടുന്ന പ്രതിസന്ധി കാരണം വിറ്റുവരവ് കുറവായതിനാൽ നിലവിൽ ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | നഷ്ടത്തിലായ കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സർക്കാർ ആവിഷ്കരിച്ച് കേരള സംസ്ഥാന കയർ കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ, വിവിധ ചെറുകിട സഹകരണ സംഘങ്ങളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 280 കോടി രൂപയുടെ ഉല്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണവും പശ്ചാത്തല വികസനത്തിനുമായി 17,66,96,377/- രൂപയും ഉൽപാദനവും വിപണന പ്രചോദനത്തിനായി 11,74,33,000/- രൂപയും കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാം ഘട്ടത്തിനായി 32,36,36,451/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ (28.01.2023 വരെ) കയർ വ്യവസായത്തിന്റെ നിയന്ത്രിത |

| | | | |
|---|---|---|---|
| | | | യന്ത്രവൽക്കരണവും പശ്ചാത്തല വികസനത്തിനുമായി 1,02,65,200/- രൂപയും കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാം ഘട്ടത്തിനായി 6,62,37,244/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർ ഉല്പാദനമേഖലയിലെ സംഘങ്ങൾക്ക് കയർ കോർപ്പറേഷനും കയർ പിരി മേഖലയിലെ സംഘങ്ങൾക്ക് കയർഫെഡ് വഴിയും സഹായം നൽകിവരുന്നു. |
| (സി) | സർക്കാർ ഓഫീസുകൾ മോടി പിടിപ്പിക്കുമ്പോൾ കയർ ഉല്പന്നങ്ങൾക്ക് മുൻഗണന നൽകാനും അതുവഴി ഈ മേഖലയ്ക്ക് പുത്തനുണർവ്വ് നൽകാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ കയർ ഉല്പന്നങ്ങൾ (കയർ പായകൾ) ഉപയോഗിച്ച് വിവിധ ഓഫീസുകളുടെ ഓഡിറ്റോറിയങ്ങളും മറ്റും മോടിപിടിപ്പിക്കുകയും സൗണ്ട് പ്രൂഫ് ചെയ്യുന്നതിനായുള്ള പ്രവർത്തികളും നിലവിൽ ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടികളിൽ പങ്കെടുക്കാതെ കയർ കോമ്പോസിറ്റ് ബോർഡുകൾ കൊണ്ട് നിർമ്മിക്കുന്ന ഫർണിച്ചറുകൾ, കയർ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം നടത്തുന്നതിന്, സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് ലഭിക്കണമെന്ന കയർ പൊതുമേഖലാ സ്ഥാപനങ്ങളായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവരുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ